# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5766

## (25.05.2017 ലെ മറുപടിക്ക്)

## കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ സ്ഥിരം അപകടമേഖലയായ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ സ്ഥലം ഏറ്റെടുക്കുവാനും റോഡ് നിർമ്മാണത്തിനും വേണ്ടി ഭരണവകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഈ വിഷയം മൂന്നുതവണ ധനകാര്യവകുപ്പ് പരിശോധിക്കുകയും സ്ഥലം ഏറ്റെടുക്കുന്നതിനായി 20 കോടി രൂപയുടെയും നിർമ്മാണ പ്രവൃത്തികൾക്കായി 15 കോടി രൂപയുടെയും ഭരണാനുമതി നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകുകയുമുണ്ടായി. കൂടാതെ പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പൈപ്പ് ലൈനുകളും ഇലക്ട്രിക് പോസ്റ്റുകളും മാറ്റുന്നതിന്റെ ചെലവിലേക്കായി 25.40 ലക്ഷം രൂപയുള്ള ഭരണാനുമതിയും നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന നിരവധി വാഹനങ്ങൾ രാത്രികാലത്ത് അപകടങ്ങളിൽപ്പെടുന്നതും നിരവധി മരണങ്ങൾ ഉണ്ടാകുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രാധാന്യം നൽകേണ്ട പ്രസ്തുത പദ്ധതിയുടെ ആവശ്യകത ഭരണവകുപ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | |
| (സി) | പ്രസ്തുത പദ്ധതി കിഫ്ബി മുഖേന ഏറ്റെടുത്ത് റോഡ് പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | ബഡ്ജറ്റ് സ്പീച്ചിൽ അനൗൺസ് ചെയ്തിട്ടുള്ളതും G.O.(P) 315/2016/Fin dated 08/08/2016 ഉത്തരവിലെ നടപടിക്രമം പാലിച്ച് ഭരണ വകുപ്പ് കാബിനറ്റിൽ വച്ച് പാസ്സാക്കിയിട്ടുള്ളതുമായ പ്രവൃത്തികളാണ് നിലവിൽ കിഫ്ബി മുഖേന ചെയ്യുന്നത്. കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡ് നിർമ്മാണം ഇതിൽപെടുന്നില്ല. |

സെക്ഷൻ ഓഫീസർ